## പതിമൂന്നാം കേരള നിയമസഭ

എഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1800 — 11-02-2013- ൽ മറുപടിയ്ക്ക്

### ഇ.എം.എസ് ഭവന പദ്ധതി പ്രകാരം വീട് ലഭിച്ചവരുടെ എണ്ണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു എം.പാലിശ്ശേരി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭൂരഹിത-ഭവനരഹിതർക്കായി നടപ്പാക്കിയ ഇ.എം.എസ് ഭവന പദ്ധതി പ്രകാരം എത്രയാളുകൾക്ക് വീട് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എ) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം 31.12.2012 വരെ 123824 വീടുകൾ പൂർത്തീകരിക്കുകയും 53086 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയുമാണ്.

(ബി) പദ്ധതിക്കായി തയ്യാറാക്കിയ ലിസ്റ്റിൽ എത്ര പേർക്കാണ് ഓരോ പഞ്ചായത്തിലും ആനുകൂല്യം ലഭിക്കാതെ പോയത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണ ധനസഹായത്തിനായി തയ്യാറാക്കിയ ലിസ്റ്റിൽ ബാക്കി നിൽക്കുന്ന ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | ആനുകൂല്യം നൽകാൻ ബാക്കിയുള്ള ഭവനരഹിത ഗുണഭോക്താക്കളുടെ എണ്ണം | ആനുകൂല്യം നൽകാൻ ബാക്കിയുള്ള ഭൂരഹിത- ഭവനരഹിത ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 7017 | 3671 |
| കൊല്ലം | 20806 | 16751 |
| പത്തനംതിട്ട | 13285 | 5462 |
| ആലപ്പുഴ | 25157 | 7955 |
| കോട്ടയം | 10222 | 7754 |
| ഇടുക്കി | 24630 | 13296 |
| എറണാകുളം | 23747 | 14016 |
| പാലക്കാട് | 2790 | 6710 |
| തൃശ്ശൂർ | 4200 | 3319 |
| മലപ്പുറം | 13490 | 8806 |
| കോഴിക്കോട് | 14429 | 3278 |
| വയനാട് | 10319 | 5874 |
| കണ്ണൂർ | 5679 | 2152 |
| കാസർഗോഡ് | 7570 | 2836 |
| ആകെ | 183341 | 101880 |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരമാളുകൾക്ക് ഭൂമിയും വീടും നൽകുന്നതിനായി ഏതെങ്കിലും പുതിയ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ ഇത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് വിശദമാക്കാമോ ?

(സി) തദ്ദേശ സ്വയംഭരണ വകുപ്പ് പുതിയ പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല.

സെക്ഷൻ ഓഫീസർ